# പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3780

15/05/2017-ൽ
മറുപടിയ്ക്ക്

## സർക്കാർ കോളേജുകളിലും കോളേജ് വിദ്യാഭ്യാസ വകുപ്പിലും ഒഴിഞ്ഞ് കിടക്കുന്ന തസ്തികകൾ

**ചോദ്യം** | **മറുപടി**

ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്

പ്രൊഫ.സി.രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സർക്കാർ കോളേജുകളിൽ 1-7-2016-ൽ എത്ര പ്രിൻസിപ്പൽ (സ്പെഷ്യൽ ഗ്രേഡ്)/പ്രിൻസിപ്പൽ തസ്തികകൾ ഒഴിഞ്ഞു കിടപ്പുണ്ടായിരുന്നു; | (എ) | 1-7-2016-ൽ 4 പ്രിൻസിപ്പൽ (സ്പെഷ്യൽ ഗ്രേഡ്) തസ്തികകളും 24 പ്രിൻസിപ്പൽ തസ്തികകളും ഒഴിവുണ്ടായിരുന്നു. |
| (ബി) | ഇതേ തീയതിയിൽ അഡീഷണൽ ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ എന്നീ തസ്തികകളിൽ എത്ര ഒഴിവുകളുണ്ടായിരുന്നു; | (ബി) | 1-7-2016- ൽ 1 അഡീഷണൽ ഡയറക്ടർ തസ്തികയും 5 ഡെപ്യൂട്ടി ഡയറക്ടർ തസ്തികകളും ഒഴിവുണ്ടായിരുന്നു. |
| (സി) | ഇവയിൽ ഏതൊക്കെ തീയതികളിൽ എത്ര ഒഴിവുകൾ വീതം നികത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ | (സി) | അഡീഷണൽ ഡയറക്ടറുടെ തസ്തികയിലെ ഒരു ഒഴിവ് 02.02.2017 തീയതിയിൽ നികത്തി. 24 പ്രിൻസിപ്പാൾ തസ്തികയിലെ ഒഴിവുകൾ 28.03.2017 തീയതിയിലും നികത്തി. |
| (ഡി) | ഒഴിവുകൾ നികത്തുന്നതിൽ കാലതാമസം ഉണ്ടായതിന്റെ കാരണങ്ങൾ എന്തെല്ലാമായിരുന്നു; | (ഡി) | 2009 ലെ യു.ജി.സി റെഗുലേഷനിൽ പ്രതിപാദിക്കുന്ന യോഗ്യത ടി തസ്തികയിലെ പ്രമോഷനുകൾക്ക് ബാധകമാക്കണം എന്ന ബഹു.ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ യോഗ്യത പുനർ നിശ്ചയിച്ച് ഒഴിവുകൾ നികത്തേണ്ടി വന്നതിനാലാണ് കാലതാമസമുണ്ടായത്. |
| (ഇ) | യു.ജി.സി നിഷ്കർഷിച്ച യോഗ്യതയില്ലാത്തവർ പ്രിൻസിപ്പൽ തസ്തികയിൽ നിയമിക്കപ്പെട്ട് സേവനം അനുഷ്ഠിച്ച് വരുന്നുണ്ടോ; എങ്കിൽ അതിനിടയാക്കിയ കാരണവും അവരുടെ പേരു വിവരവും | (ഇ) | ഉണ്ട്. പ്രസ്തുത വ്യക്തികൾ പ്രിൻസിപ്പാൾ തസ്തികയിലേയ്ക്ക് വേണ്ടുന്ന യോഗ്യതയെ സംബന്ധിച്ച് ബഹു.ഹൈക്കോടതി വിധിക്ക് മുൻപായി സ്പെഷ്യൽ റൂൾസ് പ്രകാരമുള്ള യോഗ്യത അനുസരിച്ച് പ്രിൻസിപ്പാളായി സ്ഥാനക്കയറ്റം ലഭിച്ചവരാണ്. പേര് വിവരങ്ങൾ |

| | | | |
|---|---|---|---|
| | നിയമനത്തീയതിയും വെളിപ്പെടുത്തുമോ; | | അനുബന്ധം I – ൽ ചേർത്തിരിക്കുന്നു. |
| (എഫ്) | ഇതു സംബന്ധിച്ച് കോടതി വിധിയുണ്ടായിട്ടുണ്ടോ; എങ്കിൽ വിധിയെന്തായിരുന്നെന്നും അതിന്റെ അടിസ്ഥാനത്തിൽ എന്ത് നടപടി സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ; | (എഫ്) | ഇതു സംബന്ധിച്ച് 23.02.2016- ലെ ബഹു.ഹൈക്കോടതി വിധി ഉണ്ടായിട്ടുണ്ട്. WP(C) 29253/2012, മറ്റുള്ളവ). 2009 ലെ യു.ജി.സി റെഗുലേഷൻ അനുസരിച്ച് അദ്ധ്യാപക, പ്രിൻസിപ്പാൾ നിയമനങ്ങൾ നടത്തുന്നതിന് വിധിയിൽ നിർദ്ദേശിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 19.03.2017 ലെ G.O(P) No.10/2017/HEdn ഉത്തരവ് പുറപ്പെടുവിച്ചതിനെത്തുടർന്ന് യു.ജി.സി നിഷ്കർഷിച്ച യോഗ്യതയുള്ളവരെ പ്രിൻസിപ്പാൾ ആയി നിയമിക്കുകയും ചെയ്തു. |
| (ജി) | കോടതി വിധി വരുന്നതുവരെ യോഗ്യരായവരെ നിയമിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ? | (ജി) | സ.ഉ(പി) 392/2010/ഉ.വി.വ തീയതി 10.12.2010 പ്രകാരം യു.ജി.സി മാനദണ്ഡങ്ങൾ സംസ്ഥാനത്തെ കോളേജുകൾക്ക് ബാധകമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇക്കാര്യത്തിൽ നിലനിന്ന കോടതി വ്യവഹാരങ്ങളും, സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയാകാത്തതിനാലുമാണ് നിയമനം വൈകിയത്. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം I

| ക്രമ നമ്പർ | പേര് | നിയമന തീയതി |
|---|---|---|
| 1 | ശ്രീമതി.ലേഖ ഗണേഷ് (കെ.കെ.റ്റി.എം സർക്കാർ കോളേജ്, പുല്ലൂറ്റ് | 14/09/2015 |
| 2 | ശ്രീ.ബാബു സെബാസ്റ്റ്യൻ (സർക്കാർ കോളേജ്, കോട്ടയം ) (നിലവിൽ യോഗ്യത നേടിയിട്ടുണ്ട്) | 29/05/2015 |
| 3 | ശ്രീമതി.ലൈലാ ദാസ് (സർക്കാർ കോളേജ്, കാഞ്ഞിരംകുളം) | 29/05/2015 |
| 4 | ശ്രീമതി.പി.എസ്.അജിത (സർക്കാർ കോളേജ്, കൊടുവള്ളി) | 29/05/2015 |
| 5 | ശ്രീമതി.എം. ചിത്രലേഖ (സർക്കാർ കോളേജ്, മടപ്പള്ളി) | 29/05/2015 |
| 6 | ശ്രീമതി.ബീന സദാശിവൻ (സർക്കാർ കോളേജ്, മാനന്തവാടി) | 14/09/2015 |
| 7 | ശ്രീമതി. ചിത്ര ഗംഗാധരൻ (സി.കെ.ജി സ്മാരക സർക്കാർ കോളേജ്, പേരാമ്പ്ര) | 14/09/2015 |
| 8 | ശ്രീമതി.ഗ്രേസ് ആലീസ്.ജെ (സർക്കാർ കോളേജ്, എളേരിത്തട്ട്) | 14/09/2015 |
| 9 | ശ്രീമതി.എം.ലൈല (സർക്കാർ കോളേജ്, ഇലന്തൂർ) | 05/11/2015 |
| | **സ്പെഷ്യൽ ഗ്രേഡ് പ്രിൻസിപ്പാൾമാർ** | |
| 10 | ശ്രീമതി.എൻ.എൽ.ബീന (മഹാരാജാസ് കോളേജ്, എറണാകുളം) | 09/10/2014 |
| 11 | ശ്രീമതി.പി.എൻ.അനിതാകുമാരി (സർക്കാർ സംസ്കൃത കോളേജ്, പട്ടാമ്പി) | 15/10/2014 |
| 12 | ശ്രീ.എം.പി.സേതുമാധവൻ (സർക്കാർ കോളേജ്, ചിറ്റൂർ) | 18/09/2014 |

സെക്ഷൻ ഓഫീസർ